**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 939.

11.06.2014-ലെ മറുപടിയ്ക്ക്

**ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.എ.വാഹീദ്<br>ശ്രീ.കെ.മുരളീധരൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ് കണക്കിലെടുത്ത് അധിക കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) 2011-12ൽ 23.756 കോടി രൂപയുടെയും, 2012-13ൽ 78.265 കോടി രൂപയുടെയും, 2013-14ൽ (2014 മെയ് 31 വരെ) 34.672 കോടി രൂപയുടെയും കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ പദ്ധതി നടത്തിപ്പിലെ പ്രവർത്തന മികവ് കണക്കിലെടുത്താണ് കേന്ദ്ര ധനസഹായത്തിൽ വർദ്ധനവ് ഉണ്ടായിരിക്കുന്നത്. |
| (ബി) കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ പദ്ധതി നടത്തിപ്പിനാണ് മികവ് കാട്ടിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കാപ്പിൽ ബീച്ചിന്റെ വികസനം, കോഴിക്കോട് സരോവരം തീരം, അഷ്ടമുടി ലേക്ക് സർക്യൂട്ട്, നിള ടൂറിസം സർക്യൂട്ട്, സർഗ്ഗാലയ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിലെ വികസന പദ്ധതികൾ, കൊച്ചിൻ ക്രൂസ് പാസഞ്ചർ ടെർമിനൽ തുടങ്ങിയ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയുള്ള പദ്ധതി നടത്തിപ്പിൽ മികച്ച നിലവാരം പുലർത്തുന്നവയാണ്. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടത്തിപ്പു വഴി ഏതെല്ലാം വിനോദസഞ്ചാര മേഖലകൾക്കാണ് ഗുണം ലഭിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ? | (സി) | കോഴിക്കോട് തീരദേശ ടൂറിസം മേഖല, കൊല്ലം തീരദേശ ഉൾനാടൻ ടൂറിസം മേഖല, വടകര വിനോദ സഞ്ചാര മേഖല, വർക്കല വിനോദ സഞ്ചാര മേഖല, നിള ടൂറിസം മേഖല, കൊച്ചി തുറമുഖം തുടങ്ങിയ വിനോദ സഞ്ചാര മേഖലകൾക്ക് പദ്ധതി നടത്തിപ്പ് വഴി ഗുണം ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ